2026
JUNE
17
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ദീർഘദൂര ക്രൂയിസ് മിസൈലിന്റെ ആദ്യ പരീക്ഷണം വിജയം

**ന്യൂഡൽഹി:** പ്രതിരോധ രംഗത്ത് വൻ കുതിച്ചുചാട്ടവുമായി ഇന്ത്യ. അമേരിക്കയുടെ വിഖ്യാതമായ ടോമാഹോക്ക് മിസൈലിന് തുല്യമായ, തദ്ദേശീയമായി വികസിപ്പിച്ച ദീർഘദൂര ക്രൂയിസ് മിസൈലിന്റെ ആദ്യ പരീക്ഷണം ഡിആർഡിഒ വിജയകരമായി പൂർത്തിയാക്കി. ഒഡീഷ തീരത്ത് നടന്ന പരീക്ഷണത്തിൽ മിസൈൽ അതിന്റെ എല്ലാ സാങ്കേതിക ലക്ഷ്യങ്ങളും കൈവരിച്ചതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു.



1,000 മുതൽ 1,500 കിലോമീറ്റർ വരെ പ്രഹരപരിധിയുള്ള ഈ മിസൈലിന് ഇന്ത്യയുടെ അതിർത്തികളിൽനിന്ന് ശത്രുരാജ്യങ്ങളുടെ തന്ത്രപ്രധാനമായ കേന്ദ്രങ്ങളെ തകർക്കാൻ ശേഷിയുണ്ട്. പാകിസ്താനിലെ ഇസ്ലാമാബാദ്, റാവൽപിണ്ടി, ലാഹോർ, കറാച്ചി തുടങ്ങിയ പ്രധാന നഗരങ്ങളും ചൈനയിലെ ലാസ, ചെങ്ഡു തുടങ്ങിയ സൈനിക കേന്ദ്രങ്ങളും ഈ മിസൈലിന്റെ പരിധിയിൽ വരും.

ശത്രുക്കളുടെ റഡാറുകൾക്കും വ്യോമപ്രതിരോധ സംവിധാനങ്ങൾക്കും കണ്ടെത്താൻ കഴിയാത്ത വിധം വളരെ താഴ്ന്നുപറക്കാൻ ഈ മിസൈലിന് സാധിക്കും. കരയിൽനിന്നുള്ള മൊബൈൽ ലോഞ്ചറുകൾ, യുദ്ധക്കപ്പലുകൾ, അന്തർവാഹിനികൾ എന്നിവയിൽനിന്ന് ഈ മിസൈൽ വിക്ഷേപിക്കാൻ സാധിക്കും. കൂടാതെ, സാധാരണ പോർമുനകളും ആണവ പോർമുനകളും വഹിക്കാൻ ഇതിന് ശേഷിയുണ്ട്.

ബെംഗളൂരു ആസ്ഥാനമായുള്ള എയറോനോട്ടിക്കൽ ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ് ആണ് ഈ മിസൈൽ വികസിപ്പിച്ചെടുത്തത്. തിരിച്ചടികൾ നേരിട്ട 'നിർഭയ്' മിസൈൽ പദ്ധതിയുടെ പരിഷ്കരിച്ച രൂപമായാണ് ഇതിനെ കണക്കാക്കുന്നത്. വരും വർഷങ്ങളിൽ കൂടുതൽ പരീക്ഷണങ്ങൾ പൂർത്തിയാക്കി രണ്ട് വർഷത്തിനുള്ളിൽ മിസൈൽ ഇന്ത്യൻ സൈന്യത്തിന്റെ ഭാഗമാകുമെന്ന് അധികൃതർ വ്യക്തമാക്കി.

അമേരിക്കയുടെ ടോമാഹോക്ക് മിസൈലുകൾ 1991ലെ ഗൾഫ് യുദ്ധംമുതൽ അടുത്തിടെ നടന്ന ഇറാൻ യുദ്ധത്തിൽവരെ നിർണായക പങ്കുവഹിച്ചിട്ടുള്ളവയാണ്. സമാനമായ കരുത്താണ് പുതിയ മിസൈലിലൂടെ ഇന്ത്യയും സ്വന്തമാക്കിയിരിക്കുന്നത്. എങ്കിലും ടോമാഹോക്ക് മിസൈലുകൾക്ക് ഇന്ത്യയുടെ ദീർഘദൂര ക്രൂയിസ് മിസൈലിനേക്കാൾ കൂടുതൽ ദൂരത്തിൽ ആക്രമണംനടത്താൻ സാധിക്കും. ടോമാഹോക്ക് മിസൈലുകൾക്ക് 1,250 മുതൽ 2,500 കിലോമീറ്റർവരെ ദൂരപരിധിയുണ്ട്.

മാത്രമല്ല ടോമാഹോക്കിന്റെ ഏറ്റവുംപുതിയ പതിപ്പായ ബ്ലോക്ക് 4 ടാക്റ്റിക്കൽ ടോമാഹോക്കിന് പറക്കുന്നതിനിടയിൽ ലക്ഷ്യസ്ഥാനം മാറ്റാനും മണിക്കൂറുകളോളം ആകാശത്ത് ചുറ്റിക്കറങ്ങാനും സാധിക്കും. ഇന്ത്യയുടെ മിസൈൽ ഇത്തരത്തിലുള്ള ഘട്ടങ്ങളിലേക്ക് ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. പരീക്ഷണങ്ങൾക്ക് ശേഷം സൈന്യത്തിന് ഭാഗമാക്കുന്നതിനോടൊപ്പം പുതിയ മിസൈലിന്റെ പരിഷകരിച്ച പതിപ്പിനായുള്ള ഗവേഷണങ്ങളും നടക്കു

## ചരക്ക് വ്യാപാരക്കമ്മി മേയിൽ 28.21 ബില്യൺ ഡോളർ

**ന്യൂഡൽഹി:** മേയ് മാസത്തിൽ ഇന്ത്യയുടെ ചരക്ക് വ്യാപാരക്കമ്മി നേരിയ തോതിൽ കുറഞ്ഞു. ചരക്ക് കയറ്റുമതി കഴിഞ്ഞ മാസത്തിൽ ഉയരുകയും ചെയ്തു.



ആഗോള ഇന്ധനവില കൂടിയത് രാജ്യത്തെ പെട്രോളിയം കയറ്റുമതിക്ക് കരുത്തായതി. ഇതേത്തുടർന്നു ചരക്ക് വ്യാപാരക്കമ്മി നേരിയ തോതിൽ കുറഞ്ഞ് 28.21 ബില്യൺ ഡോളറിലെത്തിയത്. രാജ്യത്തിന്റെ ഉയർന്ന ഇറക്കുമതി ച്ചെലവിനെ ഒരു പരിധിവരെ പ്രതിരോധിക്കാൻ പെട്രോളിയം കയറ്റുമതിയിലൂടെ സാധിച്ചു. 28.38 ബില്യൺ ഡോളറായിരുന്നു ഏപ്രിലിലെ വ്യാപാരക്കമ്മി.

കേന്ദ്രസർക്കാർ ഇന്നലെ പുറത്തുവിട്ട കണക്കുകൾ പ്രകാരം മേയിൽ രാജ്യത്തെ കയറ്റുമതിയും ഇറക്കുമതിയും ഉയർന്നു. ഏപ്രിലിലെ 43.56 ബില്യൺ ഡോളറിനെ അപേക്ഷിച്ച് മുൻമാസം 45.2 ബില്യൺ ഡോളറായി ഉയർന്നു.

കഴിഞ്ഞ വർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ മേയിൽ ചരക്ക് ഇറക്കുമതി 20.6 ശതമാനം വർധിച്ച് 73.41 ബില്യൺ ഡോളറായി. ഈ വർഷം ഏപ്രിലിൽ ആറുമാസത്തെ ഏറ്റവും ഉയർന്ന നിരക്കായ 71.94 ബില്യൺ ഡോളറിനെക്കാൾ ഉയർച്ചയാണ് മേയിലുണ്ടായത്.

സേവനമേഖല രാജ്യത്തിനു തുടർന്നും വലിയ സംഭാവനയാണ് നൽകുന്നത്. മേയിലെ സേവന കയറ്റുമതി 36.76 ബില്യൺ ഡോളറായി. മുൻ വർഷം ഇതേ മാസം 32.46 ബില്യൺ ഡോളറായിരുന്നു. ഇറക്കുമതി 19.06 ബില്യൺ ഡോളറിലെത്തി. 2025 മേയിൽ 16.70 ബില്യൺ ഡോളറിലായിരുന്നു. ഇതേത്തുടർന്ന് സേവനമേഖലയിലെ വ്യാപാര മിച്ചം 17.7 ബില്യൺ ഡോളറായി ഉയർന്നു.

2027 സാമ്പത്തിക വർഷത്തിലെ ഏപ്രിൽമേയ് കാലയളവിൽ ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ ഇന്ത്യയുടെ ആകെ കയറ്റുമതി 162.69 ബില്യൺ ഡോളറിലെത്തി. കഴിഞ്ഞ വർഷം ഇതേകാലയളവിലെ 141.89 ബില്യൺ ഡോളറിനെ അപേക്ഷിച്ച് 14.66 ശതമാനം വളർച്ചയാണ്.

## ഫുട്ബോൾ ലോകകപ്പ് വേദികളെ ബന്ധിപ്പിച്ച് മലയാളിയുടെ ചാർട്ടർ വിമാന സർവീസ്

**കൊച്ചി:** ഫുട്ബോൾ ലോകകപ്പ് അരങ്ങേറുന്ന യുഎസിലെയും കാനഡയിലെയും മെക്സിക്കോയിലെയും പട്ടണങ്ങൾ ബന്ധിപ്പിക്കുന്ന ചാർട്ടർ വിമാന സർവീസുമായി മലയാളിയുടെ എയർ ചാർട്ടർ കമ്പനി. 2012ൽ കൊച്ചി ആസ്ഥാനമായി പിറവം സ്വദേശി ഷോബി ടി. പോൾ തുടക്കമിട്ട 'ഹാലോ എയർവേയ്സാണ്' സർ!വീസിനു പിന്നിൽ. ബെംഗളൂരു, ഡൽഹി കേന്ദ്രീകരിച്ചാണ് ഹാലോ ഇപ്പോൾ പ്രവർത്തിക്കുന്നത്.

യൂറോപ്പ്, ഫാർ ഈസ്റ്റ്, ഗൾഫ് രാജ്യങ്ങളിലേക്കു സ്ഥിരമായി പറക്കുന്നുണ്ടെങ്കിലും വടക്കേ അമേരിക്കയിൽ ആദ്യമായാണ് സേവനമെത്തിക്കുന്നതെന്ന് ഷോബി ടി. പോൾ പറഞ്ഞു. ലോകകപ്പ് സർവീസിനായി 4 വിമാനങ്ങളിലാണ് കമ്പനി സേവനമെത്തിക്കുന്നത്. ലോകകപ്പ് സർവീസ് ഓപ്പറേറ്റ് ചെയ്യുന്നതിനായി യുഎസിലും കാനഡയിലും പ്രാദേശിക കമ്പനികളുമായി ഹാലോ പങ്കാളിത്തങ്ങളിലും ഉറപ്പിച്ചു. മയാമിയിലെ നോർത്ത് പെറി വിമാനത്താവളം ആസ്ഥാനമായുള്ള റോയൽറ്റി ഏവിയേഷൻ ഗ്രൂപ്പുമായുള്ളതാണ് ഇവയിലൊന്ന്. കൊച്ചി സ്വദേശി ക്യാപ്റ്റൻ വിബിൻ വിൻസന്റാണ് റോയൽറ്റി ഏവിയേഷന്റെ മുഖ്യ പ്രൊമോട്ടർ. ലോകകപ്പിനായി ഏഴ് സീറ്റുള്ള സെസ്ന സൈറ്റേഷൻ സിജെ2, എട്ടു സീറ്റുള്ള എംബ്രേയർ ഫെനോം 300, 9 സീറ്റുള്ള സെസ്ന സൈറ്റേഷൻ പത്ത്, പ്രീമിയം ലോങ്റേഞ്ച് ഓപ്പറേഷൻസിനായി 13 സീറ്റുള്ള ഒരു ഗൾഫ്സ്ട്രീം ജി550 എന്നീ വിമാനങ്ങളാണ് കമ്പനി സജ്ജീകരിച്ചിരിക്കുന്നത്.






## കുസാറ്റ്: ടെക്നീഷ്യൻ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഷിപ്പ് ടെക്നോളജി വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ടെക്നീഷ്യൻ ഗ്രേഡ് കക (ഫിറ്റർ), ടെക്നീഷ്യൻ ഗ്രേഡ് കക (മോഡൽ മേക്കർ) തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ടെക്നീഷ്യൻ ഗ്രേഡ് കക (ഫിറ്റർ) ഒഴിവിലേക്ക് ഫിറ്റർ ട്രേഡിൽ ഐടിഐ സർട്ടിഫിക്കറ്റും 3 വർഷ പ്രവർത്തി പരിചയവുമാണ് യോഗ്യത. ടെക്നീഷ്യൻ ഗ്രേഡ് കക (മോഡൽ മേക്കർ) ഒഴിവിലേക്ക് കാർപെന്ററി ട്രേഡിൽ കഠക സർട്ടിഫിക്കറ്റും ഷിപ്പ് മോഡൽ മേക്കിങ്ങിൽ 3 വർഷ പ്രവർത്തന പരിജയം അല്ലെങ്കിൽ ഷിപ്പ്/ബോട്യാർഡിൽ കാർപെന്ററിയിൽ 3 വർഷ പ്രവർത്തി പരിചയമാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 6 ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. സ്വയം സാക്ഷ്യംവഹിച്ച അപേക്ഷയുടെ കോപ്പിയും, വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ കോപ്പിയും 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22' എന്ന വിലാസത്തിലേക്ക് ജൂലൈ 13ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. കൂടുതൽ വിവരങ്ങൾക്ക് https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### സായാഹ്ന ഭാഷാ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് വകുപ്പിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, ജാപ്പനീസ് എന്നീ വിദേശ ഭാഷകളിലെ ഒരു വർഷത്തെ സായാഹ്ന കോഴ്സുകൾക്ക് ജൂൺ 30 വരെ അപേക്ഷ സമർപ്പിക്കാം. അപേക്ഷാ ഫീസ് 1500 രൂപയാണ്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത ബിരുദവും ഡിപ്പാർട്ട്മെന്റൽ പ്രവേശന പരീക്ഷയിൽ പാസായവരുമാണ്. പ്ലസ് ടു/ തത്തുല്യം പാസായവർക്ക് മറ്റ് കോഴ്സുകൾ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 6282167298 എന്ന നമ്പറിൽ ബന്ധപെടുക.

### സെക്യൂരിറ്റി ഗാർഡ്

**കൊച്ചി:** കുസാറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമനം. പത്താം ക്ലാസ്/ തത്തുല്യ യോഗ്യത പാസായിരിക്കണം, സൈന്യം/ സെൻട്രൽ റിസേർവ് പോലീസ് ഫോഴ്സ്/ ബോർഡർ സെക്യൂരിറ്റി ഫോഴ്സ്/ സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്/ ഇന്തോ-ടിബറ്റൻ ബോർഡർ പോലീസ് സശസ്ത്ര സീമാബൽ തുടങ്ങി സൈനിക/ അർധസൈനിക വിഭാഗങ്ങളിൽ അഞ്ച് വർഷത്തെ സേവന പരിചയം, നല്ല ശാരീരിക ഘടന, ഉയർന്ന പ്രായപരിധി 56 വയസ് (01.01.2026 കണക്കാക്കി) എന്നിവയാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 3 ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപ്ലോഡ് ചെയ്ത അപേക്ഷയുടെ സ്വയം സാക്ഷ്യംവഹിച്ച കോപ്പയിലും, വയസ് യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ കോപ്പിയും 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22' എന്ന വിലാസത്തിൽ ജൂലൈ 10ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം.

### ഓവർസീയർ (ഇലക്ട്രിക്കൽ)

**കൊച്ചി:** കുസാറ്റ് എൻജിനീയറിങ് വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമനം. ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ മൂന്ന് വർഷ ഡിപ്ലോമ, സർക്കാർ അംഗീകൃത ഇലക്ട്രിക്കൽ വിഭാഗത്തിൽ രണ്ട് വർഷ പ്രവർത്തി പരിചയം എന്നിവയാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ 30ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപ്ലോഡ് ചെയ്ത അപേക്ഷയുടെ സ്വയം സാക്ഷ്യംവഹിച്ച കോപ്പയിലു, വയസ് യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ കോപ്പിയും 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22' എന്ന വിലാസത്തിൽ ജൂലൈ 6ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം.

### ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് കകക

**കൊച്ചി:** കുസാറ്റ് മറൈൻ ജിയോളജി ആൻഡ് ജിഫിസിക്സ് വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമനം. മറൈൻ ജിയോളജിയിൽ ബിരുദാന്തര ബിരുദമാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 6ന് മുൻപായി അപേക്ഷിക്കണം. അപ്ലോഡ് ചെയ്ത അപേക്ഷയുടെ സ്വയം സാക്ഷ്യംവഹിച്ച കോപ്പയിലും, വയസ് യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ കോപ്പിയും രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22' എന്ന വിലാസത്തിൽ ജൂലൈ 14ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം.

അപേക്ഷകൾക്കും മറ്റ് വിശദ വിവരങ്ങൾക്കും https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# മാലിന്യത്തിൽ നിന്ന് മുന്തിരിയുമായി പാലക്കാട് നഗരസഭ

**പാലക്കാട്:** മേലാമുറി പിഎച്ച്സിക്കു സമീപമുള്ള നഗരസഭയുടെ ഈ ഹരിതപാർക്കിനിപ്പോൾ മുന്തിരിമധുരമാണ്. ഒരു വർഷം മുൻപുവരെ ഇതു ടൺ കണക്കിനു മാലിന്യം തള്ളിയിരുന്ന സ്ഥലമായിരുന്നു. മൂക്കുപൊത്തിയായിരുന്നു ഇതുവഴി സഞ്ചരിച്ചിരുന്നത്. മാസങ്ങൾ നീണ്ട പ്രയത്നത്തിലൂടെ നഗരസഭ ആരോഗ്യവിഭാഗം ഇവിടെ നിന്നുള്ള മാലിന്യമെല്ലാം നീക്കി. 2.5 ടൺ മാലിന്യമാണു നീക്കിയത്. ഇക്കാര്യത്തിൽ സമീപത്തുള്ള ശ്രീലക്ഷ്മി വീട്ടിലെ യു.പരശു, ഭാര്യ പാർവതി എന്നിവർ നഗരസഭ ആരോഗ്യവിഭാഗത്തെ കയ്യയച്ചു സഹായിച്ചു.

സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഇ.വി.അനിൽകുമാർ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ എസ്.ബിജു, ഡോ.എസ്.പ്രശാന്ത്, എസ്.സ്നേഹ എന്നിവരുടെയും നഗരസഭ ശുചീകരണ വിഭാഗം ജീവനക്കാരുടെയും ഹരിതകർമ സേനയുടെയും നേതൃത്വത്തിലായിരുന്നു ശുചീകരണം. പിന്നീട് ഇവിടെ പൂച്ചെടിയും പച്ചക്കറിത്തൈകളും നട്ടു. ശേഷം നിലക്കടല കൃഷി ചെയ്തു. ഇതോടൊപ്പം കൗതുകത്തിനു മുന്തിരിച്ചെടികളും നട്ടു. ആ ചെടികൾ വളർന്ന് ഇപ്പോൾ മുന്തിരിക്കുലകൾ വന്നു തുടങ്ങി. ഇതോടെ ജീവനക്കാർക്കും സന്തോഷമായി. നഗരസഭ രണ്ടാം ഹെൽത്ത് ഡിവിഷന്റെ കീഴിലാണു മുന്തിരിക്കൃഷി നടത്തിയിട്ടുള്ളത്.

നഗരത്തിൽ മാലിന്യം തള്ളിയിരുന്ന സ്ഥലങ്ങളെല്ലാം ഇത്തരത്തിലുള്ള ഹരിതപാർക്കുകളും പൂന്തോട്ടങ്ങളും ആക്കി മാറ്റി പരിപാലിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണെന്ന് അധ്യക്ഷൻ പി.സ്മിതേഷ്, സ്ഥിരം സമിതി അധ്യക്ഷ ടി.എസ്.മീനാക്ഷി എന്നിവർ പറഞ്ഞു.

# തൊഴിലിടങ്ങളിൽ ശിശുപരിപാലന കേന്ദ്രം നിർബന്ധമാക്കണം കളക്ടർ ജി. പ്രിയങ്ക

**കൊച്ചി:** ഇതര സംസ്ഥാന തൊഴിലാളികളായ അമ്മമാർക്ക് ആശ്വാസമേകുന്ന നിർദേശങ്ങളുമായി ജില്ലാ കളക്ടർ ജി. പ്രിയങ്ക. 50 തോ അതിലധികമോ ഇതര സംസ്ഥാന ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമായും ക്രഷ്(ശിശുപരിപാലന കേന്ദ്രം) സൗകര്യം ഏർപ്പെടുത്തണമെന്ന് വിഷയം ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത പ്രത്യേക യോഗത്തിൽ കളക്ടർ പറഞ്ഞു. മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ എല്ലാ സംഘടനകളും തൊഴിൽദായകരും തയാറാക്കണം. തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും അവരുടെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണ് നിയമം. 50ൽ അധികം തൊഴിലാളികളുള്ള തൊഴിലിടങ്ങളിൽ ക്രെഷുകൾ നിർബന്ധമാണ്.

നിയമപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ വരും ദിവസങ്ങളിൽ നടപടി സ്വീകരിക്കുമെന്നും അവർ കൂട്ടിച്ചേർത്തു. കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ജെബിൻ ലോലിത സെൻ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ ജയന്തി പി. നായർ, ജില്ലാ ലേബർ ഓഫീസർ (ജനറൽ) എം. ജയശ്രീ മറ്റു വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# കഠിനാധ്വാനത്തിലൂടെ സ്വായത്തമാകുന്നതാണ് ശാസ്ത്രീയ സംഗീതം: കെ. ജയകുമാർ

**തിരുവനന്തപുരം:** കേവലം പതിനഞ്ച് മിനിറ്റുകൊണ്ടു റീലുകൾ തീർത്ത് അതിലൂടെ നേടുന്ന പ്രശസ്തിയല്ല യഥാർഥ ശാസ്ത്രീയ സംഗീതം. അത് വർഷങ്ങളുടെ കഠിനാധ്വാനത്തിലൂടെ സ്വായത്തമാകുന്നതാണെന്നു കെ. ജയകുമാർ.

വയലാർ രാമവർമ സാംസ് കാരിക വേദിയും ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റും സംയുക്തമായി സംഘടിപ്പിച്ച പഞ്ചദിന വയലാർ രാമവർമ കർണാടക സംഗീതോത്സവത്തിന്റെ ഒന്നാം ദിനം ശ്രീവരാഹം അയോധ്യ നഗർ ചെമ്പൈ മെമ്മോറിയൽ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു തിരുവിതാംകൂർ ദേവസ്വം ബോർഡ് ചെയർമാനും മുൻ ചീഫ് സെക്രട്ടറിയുമായ കെ.ജയകുമാർ. സംഗീതരംഗത്ത് സ്ഥായിയല്ലാത്ത പ്രശസ്തി നേടാൻ ശ്രമിക്കുന്നവരാണ് ഇന്നു നമ്മുടെ സമൂഹത്തിലുള്ളത്. എന്നാൽ ആ പ്രശസ്തി സ്ഥായിയല്ല. വർഷങ്ങളുടെ കഠിനാധ്വാനത്തിന്റെ ഫലമായി ശാസ്ത്രീയ സംഗീതം അഭ്യസിക്കുന്നവരുടെ സംഗീത ലോകത്തെ സ്ഥാനം എന്നും സ്ഥായിയായിരിക്കുമെന്നും ജയകുമാർ പറഞ്ഞു. വയലാർ രാമവർമയുടെ 50ാം ചരമ വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന വാർഷിക പരിപാടികളുടെ ഭാഗമായാണ് പഞ്ചദിന കർണാക സംഗീതോത്സവം അരങ്ങേറുന്നത്. ചടങ്ങിൽ ഡോ. ജോർജ് ഓണക്കൂർ, പത്മശ്രീ കെ. ഓമനക്കുട്ടി എന്നിവർ ആശംസകളർപ്പിച്ചു. വയലാർ രാമവർമ സാംസ്കാരിക വേദി പ്രസിഡൻറ് ഡോ.ജി.രാജ്മോഹൻ അധ്യക്ഷത വഹിച്ചു. സാംസ്കാരിക വേദി സെക്രട്ടറി മണക്കാട് രാമചന്ദ്രൻ സ്വാഗതം ആശംസിച്ചു.

## എം.ജി. പി.ജി, ബി.എഡ്. ഏകജാലകം: ട്രയൽ അലോട്മെൻറ് പ്രസിദ്ധീകരിച്ചു; പുതിയ അപേക്ഷകൾ 17 വരെ

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാല ബിരുദാനന്തര ബിരുദം (പി.ജി), ബി.എഡ് ഏകജാലക പ്രവേശനങ്ങളുടെ ട്രയൽ അലോട്മെൻറ് പ്രസിദ്ധീകരിച്ചു. ഇതുവരെ അപേക്ഷിക്കാൻ സാധിക്കാത്തവർക്കും ഫീസ് ഒടുക്കാത്തവർക്കും ജൂൺ 17 വരെ പുതുതായി അപേക്ഷ സമർപ്പിക്കാം.
അപേക്ഷകർക്ക് ഓപ്ഷനുകൾ കൂട്ടിച്ചേർക്കാനും ഒഴിവാക്കാനും പുനഃക്രമീകരിക്കാനും ജൂൺ 17 വരെ അവസരമുണ്ടായിരിക്കും. കൂടാതെ, പേര്, തിരിച്ചറിയൽ നമ്പർ, മൊബൈൽ നമ്പർ, ഇമെയിൽ, സംവരണ വിഭാഗം എന്നിവയൊഴികെ മറ്റു വിവരങ്ങൾ തിരുത്താനും സാധിക്കും. കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിലേക്ക് അപേക്ഷിച്ചവർക്ക് ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും പുതുതായി അപേക്ഷിക്കുന്നതിനും 'കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ട ലോഗിൻ' വഴി അവസരമുണ്ടായിരിക്കും.

### ക്യാറ്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലും ഇൻറർ സ്കൂൾ സെൻററുകളിലും 2026 27 അധ്യയന വർഷത്തെ പ്രവേശനത്തിനായി നടത്തിയ ക്യാറ്റ് എൻട്രൻസ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.
പരീക്ഷാർത്ഥികൾക്ക് cat.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഫലം അറിയാം. വിശദ വിവരങ്ങൾക്ക്: cat@mgu.ac.in, ഫോൺ: 0481 2733595.

### പരീക്ഷാ തീയതി

**കോട്ടയം:** അഫിലിയേറ്റഡ് കോളേജുകളിലെ ത്രിവത്സര, പഞ്ചവത്സര എൽഎൽബി സ്പെഷ്യൽ മെഴ്സി ചാൻസ് (1993ന് മുമ്പുള്ള അഡ്മിഷനുകൾ / 19931997 അഡ്മിഷനുകൾ ആനുവൽ സ്കീം) പരീക്ഷകൾ ജൂലൈ 6 മുതൽ നടക്കും.
ഒന്ന് മുതൽ ആറു വരെ സെമസ്റ്ററുകൾ ബിവോക് (പഴയ സ്കീം2016 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2014, 2015 അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ജനുവരി 2026 പരീക്ഷ ജൂൺ 1 മുതൽ നടക്കും.

### പ്രാക്ടിക്കൽ

**കോട്ടയം:** നാലാം സെമസ്റ്റർ ബിഎസ് സി ഫിസിക്സ് (സിബിസിഎസ്) (2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ് മാർച്ച് 2026 ൻെറ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
നാലാം സെമസ്റ്റർ ബി.വോക്ക് ബാങ്കിംഗ് ആൻറ് ഫിനാൻഷ്യൽ സർവീസസ്/ അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ (പുതിയ സ്കീം2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 18,19 തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

### വൈവ വോസി

**കോട്ടയം:** നാലാം സെമസ്റ്റർ എംഎസ് സി അപ്ലൈഡ് കെമിസ്ട്രി (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ, പ്രൊജക്റ്റ് ആൻറ് വൈവ വോസി പരീക്ഷകൾ ജൂൺ 17 മുതൽ കാലടി ശ്രീശങ്കര കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
നാലാം സെമസ്റ്റർ എംഎസ് സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) മാർച്ച് 2026 ൻറെ പ്രൊജക്റ്റ് ആൻറ് വൈവ വോസി പരീക്ഷകൾ ജൂൺ 18 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
നാലാം സെമസ്റ്റർ എംഎസ് സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ, പ്രൊജക്റ്റ് ആൻറ് വൈവ വോസി പരീക്ഷകൾ ജൂൺ 17 മുതൽ മണിമലക്കുന്ന് റ്റിഎംജെഎം ഗവഃ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
നാലാം സെമസ്റ്റർ എംഎസ് സി ഫുഡ് ആൻറ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 23 മുതൽ അമലഗിരി ബി.കെ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

**കോട്ടയം:** നാലാം സെമസ്റ്റർ ബിപിഇഎസ് (നാലുവർഷ ഇൻറഗ്രേറ്റഡ് പ്രോഗ്രാം2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂൺ 2026 പരീക്ഷകൾ ജൂലൈ 10 മുതൽ നടക്കും. ജൂൺ 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 23 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 24 വരെയും അപേക്ഷ സ്വീകരിക്കും.



# ബാലവേല സാമൂഹിക പുരോഗതി തകർക്കും: കുര്യാക്കോസ് മാർ ക്ലീമിസ്

**ഇടയാറന്മുള:** സമൂഹത്തിന്റെ പുരോഗതിയെ തകർക്കുന്ന ഗുരുതര സാമൂഹിക തിന്മയാണ് ബാലവേലയെന്ന് കുര്യാക്കോസ് മാർ ക്ലീമിസ് വലിയ മെത്രാപ്പോലീത്ത. അന്തർദേശീയ ബാലവേലവിരുദ്ധ ദിനാചരണത്തിൻറെ ഭാഗമായി വൈഎംസിഎ സൗത്ത് വെസ്റ്റ് ഇന്ത്യ റീജൺ സംഘടിപ്പിച്ച 'കുട്ടികളുടെ സ്വപ്നങ്ങൾക്ക് ചിറകേകാം' എന്ന ബോധവത്കരണ പരിപാടി എഎംഎം ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഓരോ കുട്ടിക്കും സ്വപ്നം കാണാനും പഠിക്കാനും വളരാനും അവസരം ലഭിക്കുന്ന ഒരു സമൂഹം കെട്ടിപ്പടുക്കാൻ നാം പ്രതിജ്ഞാബദ്ധരാകണമെന്നുംഎല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസവും സുരക്ഷിതമായ ബാല്യവും ഉറപ്പാക്കേണ്ടത് സമൂഹത്തിൻറെ കൂട്ടായ ഉത്തരവാദിത്വമാണെന്നും അതോടൊപ്പം മുതിർന്നവർക്ക് മാന്യമായ തൊഴിലും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ലഭ്യമാക്കുകയെന്നതും ആവശ്യമാണെന്ന് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു.

വൈഎംസിഎ സൗത്ത് വെസ്റ്റ് ഇന്ത്യ റീജൺ വൈസ് ചെയർമാൻ ജയൻ മാത്യു അധ്യക്ഷത വഹിച്ചു. അബിൻ വർക്കി എംഎൽഎ മുഖ്യാതിഥിയായിരുന്നു. ദേശീയ ഉപദേശക സമിതി വൈസ് ചെയർമാൻ റെജി ജോർജ് സന്ദേശം നൽകി. റീജണൽ സെക്രട്ടറി ഡോ. റെജി വർഗീസ് വിഷയാവതരണം നടത്തി.

കേരള റീജൺ ചിൽഡ്രൻ, യൂത്ത് ആൻഡ് വുമൺ കൺസേൺ കമ്മിറ്റി ചെയർമാൻ ലിനോജ് ചാക്കോ, മാനേജർ റവ. നൈനു ചാണ്ടി, കോഴഞ്ചേരി സബ് റീജൺ ചെയർമാൻ ജോസ് മാത്യൂസ്, തിരുവല്ല സബ് റീജൺ ചെയർമാൻ ജോജി പി. തോമസ്, വർഗീസ് മാത്യു കരിക്കലാൻ, ഇടയാറന്മുള വൈഎംസിഎ പ്രസിഡൻറ് അജിത് ഏബ്രഹാം, പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, ഹെഡ്മിസ്ട്രസ് എസ്. അഞ്ജലിദേവി എന്നിവർ പ്രസംഗിച്ചു.

# വിജയത്തിന് സ്വപ്നവും ലക്ഷ്യബോധവും വേണം: രമേശ് ചെന്നിത്തല

**തൊടുപുഴ:** നാളെ ആരാകണമെന്ന സ്വപ്നം ഓരോ വിദ്യാർഥിക്കും ഉണ്ടാകണമെന്നും ഇതിലേയ്ക്കായി ലക്ഷ്യബോധത്തോടെ പ്രവർത്തിക്കണമെന്നും മന്ത്രി രമേശ് ചെന്നിത്തല. പ്ലസ്ടു, എസ്എസ്എൽസി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികൾക്കുള്ള ഡീൻ കുര്യാക്കോസ് എംപിയുടെ മെറിറ്റ് അവാർഡ് വിതരണം തൊടുപുഴയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.



ശാസ്ത്രത്തിൻറെയും സാങ്കേതികവിദ്യയുടെയും വളർച്ചയ്ക്കനുസരിച്ചുള്ള മാറ്റം ഉൾക്കൊള്ളാൻ വിദ്യാർഥികൾക്ക് കഴിയണം. ലോകം തന്നെ ഇപ്പോൾ വിരൽത്തുമ്പിലാണ്. ഗൂഗിളിൽ സെർച്ച് ചെയ്താൽ ഏതു വിവരങ്ങളും ലഭ്യമാകും. എഐ ജീവിതത്തെ മാറ്റിമറിച്ചു. ഇതോടൊപ്പം ചേർന്നുനിൽക്കാൻ ഓരോരുത്തർക്കും കഴിയണം. ടെൻഷനും വിഷാദവും പരാജയഭീതിയും കുട്ടികളെ പിന്നോട്ടു വലിക്കരുത്.

പരാജയമുണ്ടാകുമ്പോൾ കൂടുതൽ ആവേശത്തോടെ വിജയത്തിലേക്ക് കുതിക്കുകയാണ് ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ഡീൻ കുര്യാക്കോസ് എംപി അധ്യക്ഷത വഹിച്ചു.

ഗവ. ചീഫ് വിപ്പ് അപു ജോൺ ജോസഫ് മുഖ്യാതിഥിയായി. റോയി കെ. പൗലോസ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പ്രഫ. ഷീല സ്റ്റീഫൻ, നഗരസഭാ ചെയർപേഴ്സൺ സാബിറ ജലീൽ, വൈസ് ചെയർമാൻ കെ. ദീപക്, ജില്ലാ പഞ്ചായത്തംഗം മനോജ് കോക്കാട്ട്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് മുഹമ്മദ് അൻഷാദ്, ഡിസിസി പ്രസിഡൻറ് സി.പി. മാത്യു, കെപിസിസി ജനറൽ സെക്രട്ടറി എസ്. അശോകൻ, മർച്ചൻറ്സ് അസോസിയേഷൻ പ്രസിഡൻറ് പി.എ. സലിംകുട്ടി, ജോയി തോമസ്, ഇബ്രാഹിംകുട്ടി കല്ലാർ, കെ. സുരേഷ് ബാബു, ബിജോയ് മാത്യു എന്നിവർ പ്രസംഗിച്ചു.

തൊടുപുഴ നിയമസഭാ മണ്ഡലത്തിൻറെ പരിധിയിൽ വരുന്ന സ്റ്റേറ്റ് സിലബസ് സ്കൂളുകളിൽനിന്ന് പ്ലസ്ടു, എസ്എസ്എൽസി പരീക്ഷകളിലും സിബിഎസ്ഇ സ്കൂളുകളിൽനിന്ന് പ്ലസ്ടു പരീക്ഷയിലും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മുഴുവൻ പ്രതിഭകളെയും മന്ത്രിയും എംപിയും അവാർഡ് നൽകി ആദരിച്ചു. പ്ലസ്ടു പരീക്ഷയിൽ 1200ൽ 1200 മാർക്കും നേടിയ മെഹറിൻ ഫാത്തിമയ്ക്കാണ് മന്ത്രി ആദ്യം അവാർഡ് സമ്മാനിച്ചത്.

# ബാലൻ ദി ബോയ് ജൂൺ 19ന് തിയേറ്റർ റിലീസ്

മലയാളത്തിലെ ഓൾ ടൈം ബ്ലോക്ക്ബസ്റ്റർ ഹിറ്റായ മഞ്ഞുമ്മൽ ബോയ്സിന് ശേഷം ചിദംബരം സംവിധാനം ചെയ്യുന്ന 'ബാലൻ ദി ബോയ്' എന്ന സിനിമയുടെ ആദ്യ ഗാനമായ 'താക്കോൽ..' പുറത്തിറങ്ങി. മലയാളത്തിലെ ട്രെൻഡ് സെറ്റർ സംഗീത സംവിധായകൻ സുഷിൻ ശ്യാം ആണ് ബാലന്റെ സംഗീതം നിർവഹിച്ചിരിക്കുന്നത്. അൻവർ അലി രചിച്ച ഗാനം പാടിയിരിക്കുന്നത് നിളാ രാജാണ്. പ്രമുഖ താരങ്ങൾ അണിനിരക്കുന്ന ബാലൻ മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലായി ജൂൺ 19ന് തിയേറ്ററുകളിലെത്തും. ചിത്രത്തിന്റെ ട്രെയിലറിന് വൻ സ്വീകാര്യതയാണ് സോഷ്യൽ മീഡിയയിൽ ലഭിച്ചത്.

ആവേശം സിനിമയുടെ സംവിധായകൻ ജിത്തു മാധവൻ ആണ് തിരക്കഥയെഴുതിയിരിക്കുന്നത്. ചിത്രത്തിൽ പുതുമുഖം ഫർസാന പാലത്തിങ്കലാണ് നായിക. ആദിശേഷൻ, മുഹമ്മദ് സിനാൻ, ഡോളി ജൂൺ, ജീൻ പോൾ ലാൽ, ഗിരീഷ് എ ഡി, ബീന ആന്റണി എന്നിവരാണ് ചിത്രത്തിലെ മുഖ്യ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. അടുത്തിടെ പുറത്ത് വന്ന ചിത്രത്തിന്റെ ട്രെയ്‌ലർ വമ്പൻ പ്രേക്ഷക ശ്രദ്ധ നേടിയിരുന്നു. അജയ് ദേവ്ഗൺ, സൂര്യ, നാഗ ചൈതന്യ, രാജ് ബി ഷെട്ടി എന്നിവരാണ് ചിത്രത്തിന്റെ ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ ഭാഷാ ട്രെയ്‌ലർ പതിപ്പുകൾ റിലീസ് ചെയ്തത്. കാൻ ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി മാർഷേ ഡു ഫിലിമിൽ പ്രദർശിപ്പിച്ച ചിത്രവും മികച്ച അഭിപ്രായം നേടിയെടുത്തിട്ടുണ്ട്. വ്യക്തിത്വത്തിന്റെയും അതിജീവനത്തിന്റെയും കഥയാണ് ചിത്രം പറയുന്നതെന്നാണ് ട്രെയിലർ സൂചിപ്പിക്കുന്നത്. സസ്പെൻസും ത്രില്ലും നിറഞ്ഞ ട്രെയ്‌ലർ ഒരു ഗംഭീര അനുഭവം ആയിരിക്കും ചിത്രം സമ്മാനിക്കുക എന്ന പ്രതീക്ഷയാണ് പ്രേക്ഷകർക്ക് നൽകിയിരിക്കുന്നത്. സംവിധായകൻ ചിദംബരവും തിരക്കഥാകൃത്ത് ജിത്തു മാധവനും ഒന്നിക്കുന്ന ചിത്രമെന്ന പ്രത്യേകതയും ബാലൻ ദ ബോയ്ക്കുണ്ട്. രണ്ട് പ്രതിഭകളുടെയും കൂട്ടുകെട്ട് സിനിമാപ്രേമികൾക്കിടയിൽ വലിയ പ്രതീക്ഷയാണ് ഇപ്പോൾ നൽകുന്നത്. കെ.വി.എൻ പ്രൊഡക്ഷൻസും തെസ്പിയൻ ഫിലിംസും ചേർന്നാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്.



ഛായാഗ്രഹണം ഷൈജു ഖാലിദ്, സംഗീതം സുഷിൻ ശ്യാം. എഡിറ്റർ വിവേക് ഹർഷൻ, പ്രൊഡക്ഷൻ ഡിസൈനർ അജയൻ ചാലിശ്ശേരി, കാസ്റ്റിംഗ് ഡയറക്ടർ/ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ഗണപതി, വസ്ത്രാലങ്കാരം സപ്ന കാജാ റാവുത്തർ, മേക്കപ്പ് റോണക്സ് സേവ്യർ, ആർട്ട് ഡയറക്ടർ ഇന്ദുലാൽ കാവീട്, ഓഡിയോഗ്രഫി ഷിജിൻ മെൽവിൻ ഹട്ടൻ, അഭിഷേക് നായർ, അസ്സോസിയേറ്റ് പ്രൊഡ്യൂസഴ്സ് സുപ്രീത്, ധവൽ ജട്ടാനിയ, പൂജ ഷാ, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, അസ്സോസിയേറ്റ് ഡിറക്ടർസ് ബിനു ബാലൻ, എസ് കെ ശ്രീരാഗ്, കളറിസ്റ്റ് ശ്രീക് വാര്യർ, വിഎഫ്എക്സ് എഗ്ഗ് വൈറ്റ് വിഎഫ്എക്സ്, സ്റ്റിൽ ഫോട്ടോഗ്രാഫർ രോഹിത് കെ സുരേഷ്, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്സ്, പിആർഒ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.

# തീ പാറും ആക്ഷൻ രംഗങ്ങളുമായി പവർ സ്റ്റാറിന്റെ ഒജി 2

പവർ സ്റ്റാറും ആന്ധ്രാപ്രദേശ് ഉപമുഖ്യമന്ത്രിയുമായ പവൻ കല്യാണിന്റെ കരിയറിലെ ഏറ്റവും വലിയ വിജയ ചിത്രങ്ങളിലൊന്നാണ് ഒ.ജി. സാഹോ എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സുജീത്ത് സംവിധാനം ചെയ്ത ഈ ആക്ഷൻ ഗ്യാങ്സ്റ്റർ ചിത്രം, മുംബൈ മാഫിയയുടെ പശ്ചാത്തലത്തിലാണ് ഒരുക്കിയിരിക്കുന്നത്. വെറുമൊരു ബ്ലോക്ക്ബസ്റ്റർ എന്നതിലുപരി, പ്രേക്ഷകരെ ആകർഷിച്ച ഒരു വലിയ കാൻവാസിൽ, സ്റ്റൈലിഷ് ഗ്യാങ്സ്റ്റർ ഡ്രാമയായി പവർ സ്റ്റാറിനെ പുനഃസ്ഥാപിച്ച ചിത്രം.



അതുകൊണ്ടുതന്നെ ചിത്രത്തിൻറെ തുടർഭാഗത്തെ ചുറ്റിപ്പറ്റിയുള്ള ആവേശം ഇപ്പോൾ പുതിയ ഉയരങ്ങളിലെത്തിയിരിക്കുന്നു. പവൻ കല്യാൺ ക്രിയേറ്റീവ് വർക്ക്സിൻറെ ഏറ്റവും പുതിയ പ്രസ്താവനയെത്തുടർന്ന് ഛഏ്വ 2, അദ്ദേഹം വിദേശത്ത് നിന്ന് മടങ്ങിയെത്തിയാൽ തന്നെ തുടങ്ങുമെന്ന് പ്രൊഡക്ഷൻ ഹൗസ് അറിയിച്ചു.

ചിത്രത്തിന് ലഭിച്ച ശ്രദ്ധേയമായ സ്വീകാര്യതയും നിലനിൽക്കുന്ന ജനപ്രീതിയും ഛഏ്വ2 അദ്ദേഹത്തിൻറെ കരിയറിലെ ഏറ്റവും മികച്ച ചിത്രങ്ങളിലൊന്നായി ഉറപ്പിക്കുമെന്ന് സംവിധായകൻ പറയുന്നു. തമൻ സൃഷ്ടിച്ച സംഗീതവും അതുപോലെ മറക്കാനാകാത്തതായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഊർജസ്വലമായ പശ്ചാത്തല സംഗീതം ഒജി2 വിന്റെ ഹൃദയമിടിപ്പായി മാറും.

പവൻ കല്യാണിന്റെ കമാൻഡിംഗ് സ്ക്രീൻ സാന്നിധ്യം, സുജീത്തിന്റെ ദീർഘവീക്ഷണമുള്ള സംവിധാനം, തമൻറെ സ്ഫോടനാത്മക സംഗീതം എന്നിവയുടെ സംയോജനം പ്രേക്ഷകർക്ക് ഒരുപക്കാ ബ്ലോക്ക്ബസ്റ്റർ ഫോർമുലക്കായി ആത്മവിശ്വാസത്തോടെ കാത്തിരിക്കാം.

ഒജി 2 വിന്റെ നിർമാണം ഉടൻ പ്രതീക്ഷിക്കുന്നതിനാൽ, ഓജസ് ഗംഭീരയുടെ യാത്ര അവസാനിച്ചിട്ടില്ല എന്ന് മാത്രവുമല്ല ഇത്തവണ അഞ്ച് ഭാഷകളിലായി പാൻ ഇന്ത്യൻ തലത്തിലാണ് ഒരുക്കുന്നത്. മാർക്കറ്റിംഗ് ആൻഡ് പ്രമോഷൻ കൺസൾട്ടൻറ്ദിലീപ് എൽ, വാർത്താ പ്രചാരണം പി. ശിവപ്രസാദ്.






# ഹെൽ എനർജി ഷുഗർ ഫ്രീ ശ്രേണിയായ ഹെൽ സീറോ അവതരിപ്പിച്ചു

**വനിതാ ക്രിക്കറ്റ് താരം രേണുക സിംഗ് താക്കൂർ ഹെൽ എനർജി ബ്രാൻഡ് അംബാസഡർ**

**മുംബൈ:** പ്രമുഖ എനർജി ഡ്രിങ്ക് ബ്രാൻഡായ ഹെൽ എനർജി തങ്ങളുടെ ഷുഗർ ഫ്രീ ശ്രേണിയായ ഹെൽ സീറോ ഇന്ത്യയിൽ അവതരിപ്പിച്ചു. പുതിയ ഉൽപ്പന്നത്തിന്റെ അവതരണത്തോടനുബന്ധിച്ച് ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം രേണുക സിംഗ് താക്കൂർനെ ബ്രാൻഡിന്റെ ഇന്ത്യയിലെ മുഖമായി പ്രഖ്യാപിച്ചു.

ലോകമെമ്പാടുമുള്ള വിപണികളിൽ ശ്രദ്ധ നേടിയ ബ്രാൻഡിന്റെ പുതിയ ശ്രേണിയിലെ ആദ്യ ഉൽപ്പന്നമായി 'ഹെൽ സീറോ വൈറ്റ് പീച്ച്' ഫ്ലേവറാണ് പുറത്തിറക്കിയത്. മികച്ച രുചിയും ഊർജവും ഒരുമിപ്പിക്കുന്ന ഈ ഉൽപ്പന്നം, പ്രാരംഭ ഘട്ടത്തിൽ ബ്ലിങ്കിറ്റിലൂടെ ലഭ്യമാകും. ഹെൽ സീറോ ക്ലാസിക് വകഭേദവും ഉടൻ വിപണിയിലെത്തുമെന്ന് കമ്പനി അറിയിച്ചു.

കായികരംഗത്തെ മികവും സ്ഥിരതയും പ്രതിനിധീകരിക്കുന്ന രേണുകയുമായുള്ള സഹകരണം ബ്രാൻഡിന്റെ മൂല്യങ്ങളുമായി യോജിക്കുന്നതാണെന്ന് കമ്പനി ഡയറക്ടർ ഉണ്ണിക്കണ്ണൻ ഗംഗാധരൻ പറഞ്ഞു.

# സ്പെഷ്യൽ ഓപ്പർച്ച്യൂണിറ്റി ഡെപ്പോസിറ്റ് അവതരിപ്പിച്ച് ഐഡിബിഐ ബാങ്ക്

**കൊച്ചി** :എൻആർഐ ഉപഭോക്താക്കൾക്കായി യുഎസ് ഡോളർ നിക്ഷേപങ്ങളിൽ കൂടുതൽ ആകർഷകമായ വരുമാനം ഉറപ്പാക്കുന്ന ഐഡിബിഐ ബാങ്ക് പുതിയ എഫ്സിഎൻആർ(ബി) സ്പെഷ്യൽ ഓപ്പർച്യൂണിറ്റി ഡെപ്പോസിറ്റ് അവതരിപ്പിച്ചു. ജൂൺ 11 മുതൽ സെപ്റ്റംബർ 30, 2026 വരെയാണ് പ്രത്യേക പലിശനിരക്കുകൾ ലഭ്യമാകുക. നിക്ഷേപിച്ച തുകയും പലിശയും പൂർണമായും തിരിച്ചുകൊണ്ടുപോകാൻ (റിപ്പാട്രിയേഷൻ) സാധിക്കുന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. യുഎസ് ഡോളറിൽ തന്നെ നിക്ഷേപം നിലനിർത്തുന്നതിനാൽ വിനിമയ നിരക്കിലെ ചാഞ്ചാട്ടങ്ങളിൽ നിന്ന് സംരക്ഷണവും ലഭിക്കും. നിലവിലെ ചട്ടങ്ങൾ അനുസരിച്ച് ഇന്ത്യയിൽ ലഭിക്കുന്ന പലിശയ്ക്ക് ആദായനികുതി ഇളവും ലഭ്യമാണ്. പദ്ധതിയുടെ ഏറ്റവും കുറഞ്ഞ ലോക്ക്ഇൻ കാലാവധി ഒരു വർഷമാണ്.

# അൻമോൽ അക്ഷയ' പദ്ധതി അവതരിപ്പിച്ച് ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ്

**കൊച്ചി :** ഉപഭോക്താക്കളുടെ ഭാവി സാമ്പത്തിക ലക്ഷ്യങ്ങളും കുടുംബത്തിന്റെ സുരക്ഷയും മുൻനിർത്തി ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ് 'അൻമോൽ അക്ഷയ' എന്ന പുതിയ സേവിംഗ്സ് അധിഷ്ഠിത പാർട്ടിസിപ്പേറ്റിംഗ് ലൈഫ് ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു. കുട്ടികളുടെ വിദ്യാഭ്യാസ ഘട്ടങ്ങൾക്കനുസരിച്ച് വരുമാന പേയൗട്ടുകൾ ലഭ്യമാക്കുന്ന 'മൈ ചൈൽഡ്', വീട്, വിവാഹം, വിരമിക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾക്കായുള്ള 'മൈ സേവിംഗ്സ്', സ്ത്രീകൾക്കായുള്ള ആരോഗ്യ സേവനങ്ങളും മാതൃത്വകാൻസർ ആനുകൂല്യങ്ങളും ഉൾക്കൊള്ളുന്ന 'ഹർ ബനിഫിറ്റ്സ് ' എന്നിവയാണ് പ്രധാന സവിശേഷതകൾ. കൂടാതെ ദീർഘകാല ലൈഫ് കവർ, പോളിസി തുടർച്ചാ ആനുകൂല്യങ്ങൾ എന്നിവയും പദ്ധതിയുടെ ഭാഗമാണ്.




# അമൃത് പ്ലസ് ഫാർമസി ശൃംഖലയ്ക്ക് തുടക്കം കുറിച്ച് എച്ച്എൽഎൽ

**തിരുവനന്തപുരം:** താങ്ങാനാവുന്ന വിലയിൽ ഉയർന്ന ഗുണമേന്മയുള്ള മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കി ജനശ്രദ്ധനേടിയ അമൃത് ഫാർമസി ശൃംഖലയുടെ വിപുലീകരിച്ച പുതിയ പതിപ്പായ 'അമൃത് പ്ലസ്' ഫാർമസി ശൃംഖലയ്ക്ക് തുടക്കമിട്ട് എച്ച്എൽഎൽ. വിവിധയിനം മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, സപ്ലിമെന്റുകൾ, ലൈഫ് സ്റ്റൈൽ വെൽനസ് ഉൽപ്പന്നങ്ങൾ എന്നിവയുടെ സമഗ്രമായ ശേഖരമാണ് അമൃത് പ്ലസ് ഫാർമസികളിൽ ഒരുക്കിയിരിക്കുന്നത്.

എച്ച്എൽഎൽ ചെയർപേഴ്സണും മാനേജിങ് ഡയറക്ടറുമായ ഡോ. അനിത തമ്പി പുതിയ ഫാർമസി ശൃംഖലയുടെ ഉദ്ഘാടനം നിർവഹിച്ചു. ജനപ്രീതിയും വിശ്വാസ്യതയുമുള്ള എച്ച്എൽഎല്ലിന്റെ 'അമൃത്' ഫാർമസികളുടെ അടിസ്ഥാന ലക്ഷ്യങ്ങളായ താങ്ങാനാവുന്ന വില, ഉയർന്ന ഗുണമേന്മ എന്നീ മൂല്യങ്ങൾ ഉറപ്പുനൽകുന്നതിനൊപ്പം, മെഡിക്കൽ റീട്ടെയിൽ രംഗത്ത് ഉപഭോക്താക്കൾക്ക് കൂടുതൽ മികച്ച സേവനങ്ങളും അത്യാധുനിക സൗകര്യങ്ങളുമാണ് അമൃത് പ്ലസ് വാഗ്ദാനം ചെയ്യുന്നത്.

അത്യാധുനിക സൗകര്യങ്ങളുള്ള സ്പെഷ്യാലിറ്റി ഹിന്ദ്ലാബ്സ് ഡയഗ്നോസ്റ്റിക് സെന്ററുകളുടെയും വീട്ടിൽ ചികിത്സ ഉറപ്പാക്കുന്ന 'എച്ച്എൽഎൽ ഹോം ഹെൽത്ത് കെയർ സർവീസസ്' സേവനങ്ങളുടെയും ഉദ്ഘാടനം ഡോ. അനിത തമ്പി നിർവഹിച്ചു. ജീനോമിക്സ്, നെക്സ്റ്റ് ജനറേഷൻ സീക്വൻസിങ്, മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ് തുടങ്ങിയ അത്യാധുനികവും സങ്കീർണ്ണവുമായ പരിശോധനാ സൗകര്യങ്ങളാണ് സ്പെഷ്യാലിറ്റി ഹിന്ദ്ലാബ്സിലൂടെ ലഭ്യമാക്കുക.

ആശുപത്രികളിൽ നേരിട്ടെത്താൻ ബുദ്ധിമുട്ടുന്നവർക്ക് ഹോം ഹെൽത്ത് കെയർ പദ്ധതിയിലൂടെ വിദഗ്ദ്ധരായ നഴ്സുമാരുടെ സേവനം, ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള പരിചരണം, ഫിസിയോതെറാപ്പിയും പുനരധിവാസവും, വയോജന പരിപാലനം എന്നിവ വീടുകളിൽ ലഭിക്കും. വിട്ടുമാറാത്ത രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്കുള്ള പ്രത്യേക ശുശ്രൂഷകൾ, പരിശോധനകൾ, ടെലി കൺസൾട്ടേഷൻ സംവിധാവും ഇതിന്റെ ഭാഗമാണ്. നവി മുംബൈ ഖാർഘറിലെ ഹിന്ദ്ലാബ്സ് റഫറൻസ് ലബോറട്ടറിക്ക്, ആഗോളതലത്തിൽ ലബോറട്ടറി മെഡിസിൻ രംഗത്തെ ഏറ്റവും ഉന്നത ബഹുമതിയായ ക്യാപ് അക്രെഡിറ്റേഷൻ ലഭിച്ചതായി എച്ച്എൽഎൽ അധികൃതർ അറിയിച്ചു. ഒഡീഷ സർക്കാരുമായി സഹകരിച്ച് പാനികോയ്ലിയിൽ ട്രോമ കെയർ സെന്റർ സ്ഥാപിക്കുമെന്നും ചടങ്ങിൽ പ്രഖ്യാപിച്ചു. എല്ലാവിധ ആധുനിക സംവിധാനങ്ങളുമുള്ള സമഗ്രമായ ട്രോമ കെയർ കേന്ദ്രമായി ഇതിനെ ഘട്ടംഘട്ടമായി വികസിപ്പിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

# ബിഎസ്എൻഎൽ ഫൈബർ പാർട്ണർമാരാകാം

**കൊച്ചി:** കേന്ദ്രസർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായി ഗ്രാമീണമേഖലയിൽ ഇൻറർനെറ്റ് സേവനം വ്യാപിപ്പിക്കുന്നതിന് (ഭാരത് ഉദ്യമി) ഫൈബർ പാർട്ണറായി പ്രവർത്തിക്കുന്നതിന് സംരംഭകരെ ക്ഷണിച്ചു.

എറണാകുളം ജില്ലയിലെ വാഴക്കുളം, എളങ്കുന്നപ്പുഴ, ആലങ്ങാട്, ചേരാനല്ലൂർ, കടമക്കുടി, മുളവുകാട്, കുമ്പളങ്ങി, പാമ്പാക്കുട, എടക്കാട്ടുവയൽ, മുളന്തുരുത്തി, കുമ്പളം പഞ്ചായത്തുകളിലും ഇടുക്കി ജില്ലയിലെ സേനാപതി, കാമാക്ഷി, കൊന്നത്തടി പഞ്ചായത്തുകളിലുമാണ് ഫൈബർ പാർട്ണർമാരെ നിയമിക്കുന്നത്.

താത്പര്യമുള്ളവർ 9188921491 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് ബിഎസ്എൻഎൽ എറണാകുളം പബ്ലിക് റിലേഷൻസ് ഓഫീസർ അറിയിച്ചു.

# വാട്സ്ആപ്പ് വെബിൽ ഇനി ഗ്രൂപ്പ് കോളുകളും; പുത്തൻ ഫീച്ചർ ഉടൻ

**ലണ്ടൻ:** സ്മാർട്ട്ഫോണുകളിലും ഡെസ്ക്ടോപ്പ് ആപ്പുകളിലും മാത്രം ലഭ്യമായിരുന്ന ഗ്രൂപ്പ് വോയ്സ്, വീഡിയോ കോളിംഗ് ഫീച്ചർ ഇനി വാട്സ്ആപ്പ് വെബിലും.

ബ്രൗസർ വഴി വാട്സ്ആപ്പ് ഉപയോഗിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ബീറ്റാ ടെസ്റ്റർമാർക്കായി ഈ സൗകര്യം കമ്പനി ലഭ്യമാക്കിത്തുടങ്ങിയതായി വാട്സ്ആപ്പ് ട്രാക്കിംഗ് വെബ്സൈറ്റായ വാബീറ്റാഇൻഫോ റിപ്പോർട്ട് ചെയ്തു. വരും ആഴ്ചകളിൽ തന്നെ ഈ ഫീച്ചർ എല്ലാ ഉപയോക്താക്കളിലേക്കും എത്തും.

ഇതുവരെ വാട്സ്ആപ്പ് വെബിൽ ഒരാളോട് മാത്രമായി വോയ്സ്, വീഡിയോ കോളുകൾ ചെയ്യാനുള്ള സൗകര്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ പുതിയ അപ്ഡേറ്റിലൂടെ ഗ്രൂപ്പ് ചാറ്റുകളിലേക്കും ഈ സേവനം വ്യാപിപ്പിക്കാനാണ് കമ്പനിയുടെ നീക്കം.

ഈ ഫീച്ചർ ലഭിച്ച ഉപയോക്താക്കളുടെ വാട്സ്ആപ്പ് വെബിലെ ഗ്രൂപ്പ് ചാറ്റ് വിൻഡോയ്ക്ക് മുകളിലായി ഒരു കോളിംഗ് ബട്ടൺ കാണാനാകും. ഇതിൽ ക്ലിക്ക് ചെയ്യുന്നതിലൂടെ വോയ്സ് കോളാണോ വീഡിയോ കോളാണോ വേണ്ടതെന്ന് തെരഞ്ഞെടുക്കാൻ സാധിക്കും.ഗ്രൂപ്പിലെ എല്ലാവരെയും ഒന്നിച്ച് വിളിക്കുന്നതിന് പകരം, ആവശ്യമുള്ള അംഗങ്ങളെ മാത്രം തെരഞ്ഞെടുത്ത് വിളിക്കാനുള്ള സൗകര്യവും ഇതിലുണ്ട്.




# മെഴ്സിഡസ് ബെൻസിന്റെ ആദ്യത്തെ പ്ലഗ്ഇൻ ഹൈബ്രിഡ് എസ്ക്ലാസ് അവതരിപ്പിച്ചു

**കൊച്ചി:** മെഴ്സിഡസ് ബെൻസിന്റെ ഫ്ലാഗ്ഷിപ്പ് വാഹനമായ എസ്ക്ലാസിലെ ആദ്യത്തെ പ്ലഗ്ഇൻ ഹൈബ്രിഡ് മോഡൽ എസ് 450ഇ ഇന്ത്യയിൽ അവതരിപ്പിച്ചു. ലോഞ്ച് എഡിഷൻ, മാനുഫാക്ചർ എഡിഷൻ എന്നീ രണ്ട് മോഡലുകളിലായാണ് വാഹനം എത്തുന്നത്.

യൂറോ 7 മാനദണ്ഡങ്ങൾ പാലിക്കുന്ന 3.0 ലിറ്റർ എം256 ഇവൊ ഇൻലൈൻ 6 ടർബോ പെട്രോൾ എഞ്ചിനാണ് ഈ വാഹനത്തിന് കരുത്ത് പകരുന്നത്. 326എച്ച്പി കരുത്തും 540എൻഎം ടോർക്കും ഉത്പാദിപ്പിക്കാൻ ഈ വാഹനത്തിന് സാധിക്കും. ഇതിനൊപ്പം 120കിലോവാട്ടിന്റ ഇലക്ട്രിക് മോട്ടോർ കൂടി ചേരുന്നതോടെ വാഹനത്തിന്റെ ആകെ കരുത്ത് 320 കിലോവാട്ടായും (435എച്ച്പി) ആയും ടോർക്ക് 680എൻഎം ആയും വർദ്ധിക്കും. 9 സ്പീഡ് 9ജി ട്രോണിക് ഓട്ടോമാറ്റിക് ട്രാൻസ്മിഷനുള്ള ഈ വാഹനം വെറും 5.7 സെക്കൻഡ് കൊണ്ട് പൂജ്യത്തിൽ നിന്നും 100 കിലോമീറ്റർ വേഗത കൈവരിക്കും. ഇതിലെ 22 കെഡബ്ല്യൂഎച്ച് ലിഥിയം അയൺ ബാറ്ററി ഏകദേശം 115 കിലോമീറ്റർ വരെയുള്ള പ്യുവർ ഇലക്ട്രിക് റേഞ്ച് നൽകുന്നു. ദൈനംദിന യാത്രകൾക്ക് പെട്രോൾ എഞ്ചിന്റെ സഹായമില്ലാതെ തന്നെ ഈ റേഞ്ച് പര്യാപ്തമാണെന്ന് കമ്പനി വ്യക്തമാക്കുന്നു. ദീർഘദൂര യാത്രകളിൽ ആവശ്യാനുസരണം പെട്രോൾ എഞ്ചിനും ഉപയോഗിക്കാം.

എസ് 450ഇ ലോഞ്ച് എഡിഷന് 2.20 കോടി രൂപയും മാനുഫാക്ചർ എഡിഷന് 2.38 കോടി രൂപയുമാണ് എക്സ്ഷോറൂം വില. ഈ പുതിയ വാഹനങ്ങൾക്കുള്ള ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. 2026 നാലാം പാദത്തോടെ ഡെലിവറി ആരംഭിക്കും.

# ഐപിജി ഗ്രൂപ്പിന് നാസ്ഡാക് കമ്പനിയിൽ നിന്ന് മൾട്ടിമില്യൺ ഡോളർ ഫണ്ടിംഗ്

**കൊച്ചി:** ലങ്ക പ്രീമിയർ ലീഗിന്റെ ആറാം സീസൺ ജൂലൈ 10ന് ആരംഭിക്കാനിരിക്കെ ലീഗിന്റെ പ്രൊമോട്ടർമാരായ ഇന്നൊവേറ്റീവ് പ്രൊഡക്ഷൻ ഗ്രൂപ്പിന് വമ്പൻ സാമ്പത്തിക പിന്തുണ ലഭിച്ചു. യുഎസ് ആസ്ഥാനമായുള്ള ലിസ്റ്റഡ് കമ്പനിയുമായി ചേർന്നാണ് ഐപിജി മൾട്ടിമില്യൺ ഡോളർ ഫണ്ടിംഗ് സ്വന്തമാക്കിയത്. പുതിയ ഫണ്ടിംഗും പങ്കാളിത്തവും ലീഗിൻറെ ആഗോള വിപുലീകരണത്തിനും മികച്ച സാമ്പത്തിക സമാഹരണത്തിനും ഡിജിറ്റൽ നവീകരണത്തിനും വഴിയൊരുക്കും.

എൻഎഎസ്ഡിഎക്യുയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള യുജിആർഒ പ്ലാറ്റ്ഫോമിന്റെ ഭാഗമായ ഫ്ളാഷ് സ്പോർട്സ് & മീഡിയയുമായി തന്ത്രപ്രധാനമായ ഓഹരി ലയനം ഐപിജി ഇതിനകം പൂർത്തിയാക്കി. ഈ പുതിയ നിക്ഷേപത്തിന്റെ പിൻബലത്തിൽ ലങ്ക പ്രീമിയർ ലീഗ് കൂടുതൽ മികച്ചതാക്കുന്നതിനായി അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഐപിജി 20 ദശലക്ഷം യുഎസ് ഡോളർ നിക്ഷേപിക്കും. ലങ്ക പ്രീമിയർ ലീഗിന്റെ ബൗദ്ധിക സ്വത്തവകാശം ശ്രീലങ്ക ക്രിക്കറ്റ് ബോർഡിനാണെങ്കിലും ഇതിന്റെ എക്സ്ക്ലൂസീവ് കൊമേഴ്സ്യൽ, മീഡിയ അവകാശങ്ങൾ ഐപിജിക്കാണ് നിലവിലുള്ളത്.

ലങ്ക പ്രീമിയർ ലീഗിന് പുറമെ മലേഷ്യ, സിംബാബ്വെ എന്നിവിടങ്ങളിലെ ടി20 ലീഗുകൾ വികസിപ്പിക്കുന്നതിനുള്ള ദീർഘകാല എക്സ്ക്ലൂസീവ് കരാറുകളും ഐപിജി ഗ്രൂപ്പിനുണ്ട്. അതിവേഗം വളരുന്ന ഈ പുതിയ ക്രിക്കറ്റ് വിപണികളിലേക്ക് തങ്ങളുടെ സാന്നിധ്യം വ്യാപിപ്പിക്കാൻ ഐപിജിയും നിക്ഷേപകരും ലക്ഷ്യമിടുന്നു.

ബ്രോഡ്കാസ്റ്റ് പ്രൊഡക്ഷൻ 4കെ നിലവാരത്തിലേക്ക് ഉയർത്താനും, ലീഗുകളിലുടനീളമുള്ള സ്പോൺസർഷിപ്പ് വരുമാനം കേന്ദ്രീകരിക്കാനും പുതിയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

# വേദാന്ത ഗ്രൂപ്പിലെ നാല് സ്വതന്ത്ര കമ്പനികളെ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിലും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലും ലിസ്റ്റ് ചെയ്തു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ കോർപ്പറേറ്റ് പുനർഘടനയുടെ ഭാഗമായി വേദാന്ത ഗ്രൂപ്പിലെ പുതുതായി രൂപീകരിച്ച നാല് സ്വതന്ത്ര കമ്പനികൾ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിലും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലും ലിസ്റ്റ് ചെയ്തു. മാതൃസ്ഥാപനമായ വേദാന്ത ലിമിറ്റഡിനൊപ്പം വേദാന്ത അലുമിനിയം, വേദാന്ത ഓയിൽ & ഗ്യാസ്, വേദാന്ത അയൺ & സ്റ്റീൽ, വേദാന്ത പവർ എന്നീ നാല് പുതിയ കമ്പനികളാണ് ഇന്ന് ട്രേഡിംഗ് ആരംഭിച്ചത്.

ഇതൊരു ചരിത്ര ദിനമാണെന്ന് ലിസ്റ്റിംഗ് ചടങ്ങിൽ വേദാന്ത ഗ്രൂപ്പ് ചെയർമാൻ അനിൽ അഗർവാൾ പറഞ്ഞു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 300 ശതമാനത്തിലധികം ഷെയർഹോൾഡർ റിട്ടേണാണ് കമ്പനി നിക്ഷേപകർക്ക് നൽകിയതെന്നും, രാജ്യം ഇന്ന് ധാതുക്കളുടെയും ഊർജ്ജത്തിന്റെയും 50 ശതമാനവും ഇറക്കുമതി ചെയ്യുകയാണെന്നും ഭാവിയിൽ ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

വേദാന്ത അലുമിനിയം രാജ്യത്തെ ഏറ്റവും വലിയ അലുമിനിയം ഉൽപ്പാദകരും ചൈനയ്ക്ക് പുറത്ത് ആഗോളതലത്തിൽ മൂന്നാമത്തെ വലിയ കമ്പനിയുമാണിത്. ഒഡീഷയിലെ ഝാർസുഗുഡയിലാണ് ലോകത്തിലെ ഏറ്റവും വലിയ അലുമിനിയം സ്മെൽറ്റർ പ്രവർത്തിക്കുന്നത്. നിലവിൽ 30 ലക്ഷം ടൺ ഉൽപ്പാദന ശേഷിയുള്ള കമ്പനി, അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഇത് 60 ലക്ഷം ടണ്ണായി ഇരട്ടിയാക്കാൻ പദ്ധതിയിടുന്നു.

വേദാന്ത ഓയിൽ ആൻഡ് ഗ്യാസ് രാജ്യത്തെ സ്വകാര്യ മേഖലയിലെ ഏറ്റവും വലിയ എണ്ണപ്രകൃതി വാതക ഉൽപ്പാദകരാണ്. പൂർണ്ണമായും കടരഹിതമായ ബാലൻസ് ഷീറ്റോടെയാണ് കമ്പനി പുതിയ ഘട്ടത്തിലേക്ക് കടക്കുന്നത്. പ്രതിദിനം 500,000 ബാരൽ ഉൽപ്പാദനം ലക്ഷ്യമിട്ട് അടുത്ത 3 മുതൽ 5 വർഷത്തി



നുള്ളിൽ ഏകദേശം 5 ബില്യൺ യുഎസ് ഡോളർ നിക്ഷേപിക്കാൻ പദ്ധതിയിടുന്നു.

അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്ന വേദാന്ത അയൺ & സ്റ്റീൽ കടരഹിതമായാണ് പുതിയ ഘട്ടം ആരംഭിക്കുന്നത്. നിലവിൽ പ്രതിവർഷം 4 ദശലക്ഷം ടൺ സ്റ്റീൽ ഉൽപ്പാദിപ്പിക്കുന്ന കമ്പനി, ഇത് 15 ദശലക്ഷം ടണ്ണായി ഉയർത്താൻ ലക്ഷ്യമിടുന്നു. കമ്പനിക്ക് ഏകദേശം 4 ബില്യൺ ടൺ ഇരുമ്പയിര് നിക്ഷേപം സ്വന്തമായുണ്ട്.

4.2 ജിഡബ്ല്യു പ്രവർത്തന ശേഷിയുള്ള ഇന്ത്യയിലെ അഞ്ചാമത്തെ വലിയ താപവൈദ്യുത ഉൽപ്പാദകരാണ് വേദാന്ത പവർ. ഈ ശേഷി ഭാവിയിൽ 20 ജിഡബ്ല്യു ആയി ഉയർത്താൻ കമ്പനിക്ക് വ്യക്തമായ പദ്ധതിയുണ്ട്. രാജ്യത്തെ ഊർജ്ജ പരിവർത്തനത്തിന്റെ ഭാഗമായി ആണവോർജ്ജ മേഖലയിലെ സാധ്യതകളും കമ്പനി വിലയിരുത്തുന്നുണ്ട്.

പുതിയ കമ്പനികൾക്കൊപ്പം ഗ്രൂപ്പിന്റെ മുൻനിര കമ്പനിയായ വേദാന്ത ലിമിറ്റഡ് പ്രവർത്തനം തുടരും. ലോകത്തിലെ ഏറ്റവും വലിയ സംയോജിത സിങ്ക് ഉൽപ്പാദകരും മൂന്നാമത്തെ വലിയ വെള്ളി ഉൽപ്പാദകരുമായ ഹിന്ദുസ്ഥാൻ സിങ്ക് ഈ കമ്പനിയുടെ ഭാഗമാണ്. ഇതിന് പുറമെ രാജ്യത്തെ നിക്കൽ ഉൽപ്പാദിപ്പിക്കുന്ന ഏക കമ്പനിയായ വേദാന്ത, നിക്കൽ ഉൽപ്പാദനം പ്രതിവർഷം 60,000 ടണ്ണായി ഉയർത്താനും ലക്ഷ്യമിടുന്നു. കാർഷിക മേഖലയെ പിന്തുണയ്ക്കുന്നതിനായി 1.5 ദശലക്ഷം ടൺ ശേഷിയുള്ള വളം നിർമ്മാണ പ്ലാൻറും ഹിന്ദുസ്ഥാൻ സിങ്ക് വികസിപ്പിക്കുന്നുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com